**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **08-08-2023 - ൽ മറുപടിയ്ക്ക്**

**മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | 08.03.2023ലെയും 28.04.2023 ലെയും wm3/38/2023-LSGD നമ്പർ സർക്കുലറുകൾ പ്രകാരമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മഴക്കാല പൂർവ ശുചീകരണം നടത്തിയിട്ടുള്ളത്.<br><br>മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും കൂട്ടായ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. "ആരോഗ്യ ജാഗ്രത 2023” ന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ പരിപാലനം നടത്തുകയും ജല സ്രോതസ്സുകൾ വൃത്തിയാക്കുകയും ജലജന്യ രോഗങ്ങളുടെയും കൊതുകുജന്യ രോഗങ്ങളുടെയും വ്യാപനം തടയുന്നതിനായുള്ള പ്രവർത്തനങ്ങളും ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്ന് പ്രവർത്തന മേഖലകളായി തിരിച്ച് നടത്തിയിട്ടുള്ളതാണ്.<br><br>ഓരോ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികളും യോഗം ചേർന്ന് വാർഡിലെ പ്രവർത്തനങ്ങൾക്കുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും ആയത് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.<br><br>സ്ഥാപനങ്ങളിലെയും പൊതുയിടങ്ങളിലെയും കൊതുകിന്റെ ഉറവിടം നശിപ്പിക്കൽ, ജലാശയങ്ങൾ വൃത്തിയാക്കൽ, വെള്ളക്കെട്ടുകൾ ഒഴിവാക്കൽ, ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച പ്രചരണ പരിപാടികൾ, കുടുംബശ്രീ മിഷൻ മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ വഴിയുള്ള ബോധവത്കരണം, പരിശീലന പരിപാടികൾ, ഹരിത കർമ്മസേനയെ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | കൊണ്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, മാലിന്യ കൂമ്പാരങ്ങൾ (GVP) കണ്ടെത്തി ജിയോ ടാഗ് ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനും ഉള്ള നടപടികൾ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ എന്നിവ മഴക്കാലപ്പൂർവ ശുചീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.<br><br>വാർഡിലെ രോഗങ്ങളുടെ ഹോട്സ്പോട്ടുകൾ കണ്ടെത്തി പ്രത്യേകം പ്രവർത്തനങ്ങൾ നടത്തുകയും കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കുകയും കുടിവെള്ളത്തിനുപയോഗിക്കുന്ന കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും കാടുകൾ വെട്ടിത്തെളിക്കുകയും തോടുകളും ഓടകളും ഒഴുക്കുള്ളതാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ